(ഇ) ഈ റോഡിന്റെ പണി റീച്ചുകളായി തിരിച്ചാണോ നിർവ്വഹിക്കുവാൻ പോകുന്നത്; എങ്കിൽ എത്ര റീച്ചാണെന്നും ഇപ്പോൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നത് ഏത് റീച്ചാണെന്നും വ്യക്തമാക്കുമോ;

(എഫ്) ഈ ബൈപ്പാസിന്റെ പ്രവർത്തനം തുടങ്ങുന്നതിന് അനുവാദം ലഭിച്ചുകഴിഞ്ഞോ;

(ജി) എന്ന് പണി തുടങ്ങുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

ഉത്തരം

(എ) അലൈൻമെന്റ് അംഗീകരിച്ചുകഴിഞ്ഞു.

(ബി) ഈ റോഡ് മലപ്പുറം കോഴിക്കോട് റോഡിൽ രാമനാട്ടുകരനിന്നും ആരംഭിച്ച് കോഴിക്കോട് കണ്ണൂർ റോഡിൽ വെങ്കുളത്ത് ചെന്നുചേരുന്നു.

(സി) ഈ ബൈപാസിന് 28.124 കിലോമീറ്റർ ദൈർഘ്യം വരും.

(ഡി) ഈ ബൈപാസിന് ഏകദേശം 2030 ലക്ഷം രൂപയാണ് മതിപ്പ് ചെലവ് പ്രതീക്ഷിക്കുന്നത്.

(ഇ) ഈ റോഡിന്റെ പണി 4 റീച്ചുകളായിട്ട് ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്. അതിൽ രാമനാട്ടുകര മുതൽ പന്തീരങ്കാവ് വരെയുള്ള 4-ാമത്തെ റീച്ചിന്റെ പണി ആദ്യം ചെയ്യുന്നതിനാണ് കേന്ദ്ര ഗവൺമെന്റിലേക്ക് ശുപാർശ ചെയ്തിട്ടുള്ളത്.

(എഫ്) അനുവാദം ലഭിച്ചിട്ടില്ല.

(ജി) കേന്ദ്ര ഗവൺമെന്റിൽനിന്നും എസ്റ്റിമേറ്റിന് അംഗീകാരം കിട്ടിക്കഴിഞ്ഞശേഷമേ പണി തുടങ്ങാനാവൂ. അതിനാൽ എന്ന് പണി തുടങ്ങാൻ കഴിയുമെന്ന് ഇപ്പോൾ പറയുവാൻ നിർവ്വാഹമില്ല.

കരകുളം-മുക്കോല റോഡ്

365 [692] ശ്രീ. കെ.വി. സുരേന്ദ്രനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരകുളം-മുക്കോല റോഡ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏറ്റെടുത്ത റോഡിന്റെ നീളം എത്ര കിലോമീറ്റർ ആണ്;

(സി) ഈ റോഡിന്റെ പണി എന്നത്തേക്ക് പൂർത്തിയാക്കുവാൻ കഴിയും?

ഉത്തരം

(എ) ഇല്ല.

(ബി, സി) റോഡ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടില്ലാത്തിനാൽ ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly